"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - അമൃത് പദ്ധതി - ഭരണാനുമതി നൽകിയ പദ്ധതികളിൽ നിന്നും ആലപ്പുഴ നഗരസഭയിലെ "Development of Beach Park Near Children's Library (Rs.48 lakhs)" എന്ന പദ്ധതി ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

**സ.ഉ.(സാധാ) നം.912/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 30/04/2019

---

പരാമർശം:- 1. സ.ഉ.(സാധാ.) 5/2018/ത.സ്വ.ഭ.വ. തീയതി 01/01/2018

2 27/02/2019ൽ ചേർന്ന അമൃത് പദ്ധതിയുടെ സംസ്ഥാനതല ഉന്നതാധികാര സമിതിയുടെ നടപടിക്കുറിപ്പ്

3 അമൃത് മിഷൻ ഡയറക്ടറുടെ 20/03/2019 ലെ AK3/14/AMRUT/2015 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള 71 പദ്ധതികളിൽ ആലപ്പുഴ നഗരസഭയിലെ "Development of Beach Park Near Children's Library" എന്ന പദ്ധതിയും ഉൾപ്പെടുന്നു. ടി പദ്ധതിയുടെ ഭരണാനുമതി തുക (Approved Project Cost) 48 ലക്ഷം രൂപയായിരുന്നു. ആലപ്പുഴ നഗരസഭയുടെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ടി പദ്ധതിക്ക് നഗരസഭാ വിഹിതം വകയിരുത്തി അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലം പദ്ധതിക്കായി വിട്ടുകിട്ടുന്നതിന് റവന്യൂ വകുപ്പിൽ നിന്നും തുറമുഖ വകുപ്പിൽ നിന്നും അനുവാദം ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കുന്നതിന് സാധിക്കുകയില്ല എന്ന് ആലപ്പുഴ നഗരസഭാ സെക്രട്ടറി അമൃത് മിഷൻ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

3. പ്രസ്തുത വിഷയം 27/02/2019 ൽ കൂടിയ അമൃത് പദ്ധതിയുടെ സംസ്ഥാനതല ഉന്നതാധികാര സമിതി (SHPSC) പരിശോധിക്കുകയും പരാമർശം (2) പ്രകാരം പ്രസ്തുത പദ്ധതിയ്ക്ക് നൽകിയ 48 ലക്ഷം രൂപയുടെ ഭരണാനുമതി റദ്ദ് ചെയ്യുന്നതിനും പുതിയ പദ്ധതി സമർപ്പിക്കുന്നതിനും തീരുമാനിക്കുകയും ചെയ്തു. തുടർന്ന് ടി പദ്ധതിയ്ക്ക് നൽകിയ ഭരണാനുമതി റദ്ദ് ചെയ്ത് ഉത്തരവ് നൽകണമെന്ന് പരാമർശം(3)ലെ കത്ത് പ്രകാരം അമൃത് മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശം(1) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള 71 പദ്ധതികളിൽ നിന്നും ആലപ്പുഴ നഗരസഭയിലെ "Development of Beach Park Near Children's Library (Rs.48 lakhs)" എന്ന പദ്ധതി ഒഴിവാക്കി ഉത്തരവാകുന്നു.

5.പരാമർശം (1)-ലെ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU. L.
സ്പെഷ്യല് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

മിഷൻ ഡയറക്ടർ, AMRUT, തിരുവനന്തപുരം

സെക്രട്ടറി, ആലപ്പുഴ നഗരസഭ( അമൃത് മിഷൻ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ